കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ – doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.8/1714/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 09.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ വഴി)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1714/2017 തീയ്യതി: 09.11.2017

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ

2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 25.10.2016 തീയ്യതി മുതൽ 22.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 24 അന്വേഷണക്കുറിപ്പുകളിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ അന്വേഷണക്കുറിപ്പുകളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ ജോൺ മനോഹർ എ., ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 23-09-2017 മുതൽ 28-09-2017 വരെയും 03-10-2017 മുതൽ 05-10-2017 വരെയും

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.സുരേഷ്ബാബു.കെ.വി | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 2 | ശ്രീമതി.ഉഷ എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. രമേശൻ കാരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ. ലതീഷ് കുമാർ.കെ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കരുവാക്കണ്ടി ബാലൻ | 01-04-16 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീമതി.ടി.കെ.ബീന | 01-04-16 മുതൽ 31-03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീമതി.സുജകാരാട്ട് | 01-04-16 മുതൽ | 31-03-17 വരെ |
| 2 | വി.ഇ.ഒ - പുത്തൂർ സർക്കിൾ | ശ്രീ.കെ.പി.ജസീർ | 01-04-16 മുതൽ | 31-03-17 വരെ |
| | വി.ഇ.ഒ – കൊളവല്ലൂർ സർക്കിൾ | ശ്രീമതി.വിനയഭാസ്കർ | 01-04-16 മുതൽ | 31-03-17 വരെ |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.പ്രഷീനൻ.വി.കെ | 01-04-16 മുതൽ | 17.04.16 വരെ |
| | | ഡോ.ബീന പി.കെ | 18-4-16 മുതൽ | 7-8-16 വരെ |
| | | ഡോ.ബിജ്ജൽ ബി.എസ് | 8-8-16 മുതൽ | 20-12-16 വരെ |
| | | ഡോ.ഷബീന മുഹമ്മദ് | 21-12-16 മുതൽ | 11-01-17 വരെ |
| | | ഡോ.ഫെബിൻ.എൻ.കെ | 12-1-17 മുതൽ | 31-3-17 വരെ |

| | | | | |
|---|---|---|---|---|
| 4 | വെറ്റിനറി സർജൻ | ഡോ. സി.പി.ധനഞ്ജയൻ | 01-04-16 മുതൽ | 31-03-17 വരെ |
| 5 | മെഡിക്കൽ ഓഫീസർ ആയ്യുർവേദം | ഡോ.ജിജി.ജി | 01-04-16 മുതൽ | 31-03-17 വരെ |
| 6 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഷബാനബീഗം | 01-04-16 മുതൽ | 31-03-17 വരെ |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രസന്ന.പി | 01-04-16 മുതൽ | 31-03-17 വരെ |
| 8 | അസി . സെക്രട്ടറി | ശ്രീമതി.ലസിത.കെ.എ | 01-04-16 മുതൽ | 31-03-17 വരെ |
| 9 | ഹെഡ് മാസ്റ്റർ | ശ്രീ.പി.കെ മോഹനൻ | 01-04-16 മുതൽ | 09-06-16 വരെ |
| | | ശ്രീ.പ്രേമരാജൻകാടന്റവിട | 10-06-16 മുതൽ | 31-03-17 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തരനിയന്ത്രണം. |
| 12 | 1-12 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച. |
| 13 | 1-13 | ഗ്രാമസഭകൾ |
| 14 | 1-14 | വാങ്ങൽ കമ്മിറ്റി പ്രവർത്തനക്ഷമമല്ല |
| 15 | 1-15 | മോണിറ്ററിംഗ് ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 2-1 | വസ്തുനികുതി നിർണ്ണയവും ഈടാക്കലും-അപാകങ്ങൾ |
| 17 | 2-2 | അസംബ്ലി കം മെർക്കന്റൈൽ വിഭാഗത്തിലുള്ള കെട്ടിടത്തിന് വാണിജ്യ കെട്ടിട നിർമ്മാണത്തിനുള്ളപെർമിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല. |
| 18 | 2-3 | ഡി&ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിലെ അപാകതകൾ |
| 19 | 2-4 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല |

| | | |
|---|---|---|
| ഭാഗം-3ചെലവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | 3-1 | പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ-സപ്ലൈ ചെയ്ത എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 21 | 3-2 | ബാരൽ വില ഈടാക്കിയില്ല. |
| 22 | 3-3 | ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന് പ്രസവാവധി ശമ്പളം അനുവദിച്ചത് -രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 23 | 3-4 | ആർജ്ജിതാവധി ടെർമിനൽ സറണ്ടർ-സേവനപുസ്തകം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 24 | 3-5 | സാമൂഹ്യസുരക്ഷപെൻഷൻ-മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ പെൻഷൻ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് |
| 25 | 3-6 | സാക്ഷരതാ പ്രേരക് മാർക് ഓണറേറിയം അനുവദിച്ചത് സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകുന്ന മുറക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് |
| 26 | 3-7 | പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ -നിർവ്വഹണത്തിലെ അപാകങ്ങൾ- ചെലവ് തുക 99800 തടസ്സപ്പെടുത്തുന്നു. |
| 27 | 3-8 | എസ്.സി യുവജനങ്ങൾക്ക് സ്വയം തൊഴിൽ സംരംഭത്തിന് |

| | | |
|---|---|---|
| | | ഓട്ടോറിക്ഷ വാങ്ങൽ- സബ്സിഡിയിനത്തിൽ അനുവദിച്ച 200000 രൂപ തടസ്സപ്പെടുത്തുന്നു. |
| 28 | 3-9 | പി.എച്ച് .സി. സ്റ്റോർ റൂം എയർകണ്ടീഷൻ ചെയ്യൽ - വാല്യുയേഷൻ<br>റിപ്പോർട്ട് ,സ്റ്റോക്ക് രജിസ്റ്റർ ,മോണിറ്ററിംഗ് സമിതി റിപ്പോർട്ട് - ഹാജരാക്കിയിട്ടില്ല. |
| 29 | 3-10 | പി.എച്.സി.ക്ക് ഫോട്ടോസ്റ്റേറ്റ് മെഷിൻ വാങ്ങൽ- നിർവ്വഹണത്തിലെ അപാകങ്ങൾ |
| 30 | 3-11 | സാന്ത്വന പരിചരണം- സർക്കാർ നർദ്ദേശ പ്രകാരമുള്ള ഹോം വിസിറ്റ് ദിനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ് |
| 31 | 3-12 | പി.എച്ച് .സി. ക്ക് മരുന്ന് വാങ്ങൽ - ലഭ്യതാരഹിത സാക്ഷ്യപത്രം ഹാജരാക്കാതെയാണ് മരുന്ന് വാങ്ങിയത് - ചെലവ് 25000 രൂപ തടസ്സപ്പെടുത്തുന്നു. |
| 32 | 3-13 | മഴക്കാല പൂർവ്വ ശുചീകരണം - സമയബന്ധിതമായി പൂർത്തിയാക്കിയില്ല. - 177760 രൂപ തടസ്സപ്പെടത്തുന്നു. 1000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. |
| 33 | 3-14 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ മുഴുവൻ തുകയും അനുവദിക്കുവാൻ പദ്ധതി യിൽ വകയിരുത്തേണ്ടതാണ് |
| 34 | 3-15 | 2016-17 വർഷം നടത്തിയ താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 232500/- രൂപയുടെ വിനിയോഗം ഉറപ്പുവരുത്താനായിട്ടില്ല. |

| | | |
|---|---|---|
| | | |
| 35 | 3-16 | തീറ്റപ്പുൽ കൃഷിക്ക് അധിക സബ്സിഡി നൽകി 10000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. |
| 36 | 3-17 | ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസം-പ്രൊജക്ട് നിർവഹണം പൂർത്തീകരിക്കാനായില്ല. |
| 37 | 3-18 | ജലനിധി-പ്രവൃത്തി പൂർത്തികരിച്ചാലുടൻ ഗുണഭോക്തൃഗ്രൂപ്പിന്റെയുൾപ്പെടെയുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് |
| ഭാഗം 4 | | |
| 38 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 41 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 42 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 43 | 4-6 | ഓഡിറ്റ് റിക്കവറി |
| 44 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 45 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-9 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |

| | | |
|---|---|---|
| 47 | Appendix-1 | Audit Cetificate |
| 48 | Appendix-2 | Income&Expenditure Statement |
| 49 | Appendix-3 | Receipt& Payment Statement |
| 50 | Appendix-4 | Balance Sheet |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 30.03.2017 തീയതിയിലെ 156/2017 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | പുതുക്കിയബഡ്ജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 47212850 | 42917319 |
| വരവ് | 72135000 | 52693233 |
| ആകെ | 119347850 | 95610552 |
| ചെലവ് | 70735412 | 45768770 |
| നീക്കിയിരിപ്പ് | 48612438 | 49841782 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-2017 | 31-07-2017 | 27-06-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 28.09.2017 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1714/17 തീയ്യതി 09.11.17 | വിശേഷണങ്ങളോട്ടു കൂടിയത് |

ന്യൂനതകൾ

1.വസ്തുനികുതിയിനത്തിൽ ഡിമാന്റ് ,കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2ആസ്തി രജിസ്ററർ കാലികമാക്കാത്തതിനാൽ B11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

3.ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ,ക്രമവൽക്കരണ രജിസ്റ്റർ എന്നിവ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 36856989 |
| വരവ് | 54691307 |
| ആകെ | 91548296 |
| ചെലവ് | 48286329 |

| | |
|---|---|
| നീക്കിയിരിപ്പ് | 43261967 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് തുക (എ.സി.ആർ പ്രകാരം) | ചെലവ് | നീക്കിയിരിപ്പ് (എ.സി.ആർ പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13936082 | 11309491 | 2626591 | 81 |
| വികസനഫണ്ട് എസ്.സി.പി. | 840006 | 837932 | 2074 | 99.75 |
| വികസനഫണ്ട് ടി.എസ്.പി. | 71715 | 71300 | 415 | 99.42 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 8666340 | 6621307 | 2045033 | 76.4 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 4285515 | 1408305 | 2877210 | 32.86 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7815507 | 5099038 | 2716469 | 65.24 |
| പെർഫോമൻസ് ഗ്രാന്റ് | 4105835 | 2449203 | 1656632 | 59.65 |

മറ്റ് ഫണ്ടുകളുടെ വിവരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 809 | 5773457 | 5774266 | 5772460 | 1806 | 99.97 |
| ബി. ഫണ്ട് | 0 | 46694275 | 46694275 | 46694215 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 156 | 55188937 | 107 | 30641921 | | 49 | 68.6 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീ കാരം ലഭിച്ച പദ്ധതികൾ | നടപ്പാ ക്കിയത് | നടപ്പാ ക്കാത്തവ | നടപ്പാക്കിയവയുടെ ശതമാനം |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 10 | 0 | 100 |
| 2 | വെറ്റിനറി സർജൻ | 5 | 4 | 1 | 80 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 6 | 6 | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ആയ്യുർവേദം) | 1 | 1 | 0 | 100 |
| 5 | വി ഇ ഒ | 14 | 10 | 4 | 71.4 |

| | | | | | |
|---|---|---|---|---|---|
| 6 | ഐസിഡിഎസ് സൂപ്പർവൈസർ | 3 | 3 | | 100 |
| 7 | സെക്രട്ടറി | 100 | 58 | 42 | 58 |
| 8 | ഹെഡ് മാസ്റ്റർ | 6 | 5 | 1 | 83.33 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 1 | 90 |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയൊ | 1 | 1 | 0 | 100 |
| ആകെ | | 156 | 107 | 49 | 68.59 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3495171 | 3916479 | 421308 | 12.05 |
| നികുതിയേതര വരവുകൾ | 762932 | 929113 | 166181 | 17.88 |
| മറ്റുവരവുകൾ | 266696 | 1 | 58875 | 22.07 |
| ആകെ | 4258103 | 4845592 | 587489 | 13.79% |

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 |
|---|---|

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75240 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 4488710 | 487 |
| വിധവാപെൻഷൻ | 17729700 | 1473 |
| വാർദ്ധക്യകാലപെൻഷൻ | 17995740 | 1345 |
| വികലാംഗപെൻഷൻ | 3567475 | 341 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2207410 | 199 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 630000 | 21 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.2017 | 1.4.17മുതൽ 31.8.17വരെ | പി.എ1/128/17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2014 | 2009-10 മുതൽ 2013-14 വരെ | എൽബിഎ(എച്ച്ക്യൂ)iv/8A.2182 21.08.2014 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-09-2017 ന് 3.15 പിഎം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 158636/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഡയറക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(1) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ രണ്ട് തവണ മാത്രമാണ് സ്റ്റാഫ് മീറ്റിങ് ചേർന്നത്. ഇത് ഗുരുതര വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(2) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്: ഗ്രാമപഞ്ചായത്തിൽ വിവിധ തസ്തികകളിൽ (വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്, വിലാസം, സേവനകാലയളവ്, സ്ഥലംമാറ്റ വിവരം, മേൽ ഖണ്ഡിക 2 പ്രകാരം അവർക്കെതിരേയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ റജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

(3) ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് അതാത് സമയം നിർദേശങ്ങൾ നൽകി വരുന്നുണ്ട്.

(4)മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്.

തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. എം ഒ പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം ഒ പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.

(5)കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോൾ I ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തികവർഷകാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

(6)ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കുന്നില്ല. ഇൻകുമ്പെൻസി മാസ്റ്റർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുവെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച.

06.08.2012 ലെ സ.ഉ.(കെ) നം.212/12, 18.07.2013 ലെ സ.ഉ.(കെ) നം.255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സചിത്ര സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തേണ്ടതും നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യ പ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ കുറ്റമറ്റതാക്കാത്തത് വീഴ്ചയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യ പ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 ഗ്രാമസഭകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും 4 ഗ്രാമസഭകൾ ചേരേണ്ടതാണ്. പഞ്ചായത്തിലെ 5 വാർഡുകളിലെ ഗ്രാമസഭാ മിനുട്ട്സ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 4 പൊതു ഗ്രാമസഭയും 1 തൊഴിലാളി ഗ്രാമസഭയും കൂടിയിട്ടുണ്ട്. മിക്ക ഗ്രാമസഭകളിലും ക്വാറം തികയാനുള്ള ജനപങ്കാളിത്തം ഉണ്ട് . ജൂലൈ മാസം കൂടിയ ഒന്നാമത്തെ ഗ്രാമസഭയിൽ പി.എം.എ.വൈ. ലിസ്റ്റ്, ഭവന പുനരുദ്ധാരണം

(എസ്.സി), അംഗീകരിക്കൽ, 2015-16 വരവ്-ചെലവ് അവതരണം, നിയമ സേവന പദ്ധതി സംബന്ധിച്ച് വിശദീകരണം എന്നിവയും സെപ്റ്റംബർ മാസം കൂടിയ യോഗത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ലേബർ ബജറ്റ് അവതരിപ്പിക്കൽ, എന്നിവയും നവംബർ മാസം കൂടിയ യോഗത്തിൽ 2016-17 ഗുണഭോക്തൃ ലിസ്റ്റ് അവതരണം, മാലിന്യമുക്ത പഞ്ചായത്ത് ക്യാമ്പയിൻ എന്നിവയും 2017 ഫെബ്രുവരി മാസം ചേർന്ന യോഗത്തിൽ റേഷൻ കാർഡ് മുൻഗണനാ പട്ടിക തയ്യാറാക്കൽ എന്നിവയാണ് അജണ്ടയായി ഉൾപ്പെടുത്തിയിരുന്നത്. ക്ഷേമ പെൻഷനുകൾ അംഗീകരിച്ചത് ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നില്ല.

## 1-14 വാങ്ങൽ കമ്മിറ്റി പ്രവർത്തനക്ഷമമല്ല

സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ. തീയ്യതി 08-11-2010 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 4.2.2 പ്രകാരം സെക്രട്ടറി അഥവാ നിർവഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും രൂപീകരിക്കണം. പ്രസ്തുത ടീം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗ നിർദ്ദേശത്തിലുമാണ് പ്രവർത്തിക്കേണ്ടത്. വാങ്ങൽ കമ്മിറ്റിയാണ് വാങ്ങലുകൾക്കാവശ്യമായ ടെണ്ടർ ക്വട്ടേഷൻ എന്നിവ പരിശോധിക്കേണ്ടതും അംഗീകാരം നൽകേണ്ടതും. വാങ്ങൽ കമ്മിറ്റിയുടെ ഘടന താഴെ പറയും പ്രകാരമാണ്.

1.പ്രസിഡണ്ട് - ചെയർമാൻ

2. വൈസ് പ്രസിഡണ്ട് - വൈസ് ചെയർമാൻ

3. സെക്രട്ടറി - കൺവീനർ

4. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ - അംഗങ്ങൾ

5. നിർവഹണ ഉദ്യോഗസ്ഥർ - അംഗങ്ങൾ

6. സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിൽ നിന്നുമുള്ള രണ്ട് നോമിനികൾ

മേൽ സൂചിപ്പിച്ച പ്രകാരമാണോ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. മിനുട്സ് പരിശോധിച്ചതിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു.

1. 2016-17 വർഷം നാലു തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട് (10-11-2016,-14-02-2017, 10-03-2017, 30-03-2017). എന്നാൽ ഈ യോഗങ്ങളിൽ പങ്കെടുത്തവരുടെ ഔദ്യോഗിക പദവി എന്തെന്ന് മിനുട്സിൽ വ്യക്തമല്ല.

2. യോഗതീരുമാനങ്ങൾ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 14-02-2017-ൽ ചേർന്ന യോഗത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തുന്ന പ്രോജക്ടുകളുടെ ക്വട്ടേഷനുകളാണ് അംഗീകരിച്ചതെങ്കിലും 6 പേർ പങ്കെടുത്ത യോഗത്തിൽ കൃഷി ഓഫീസർ പങ്കെടുത്തില്ല. കൂടാതെ 10-03-2017-ലെ യോഗത്തിൽ സെക്രട്ടറി

നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ ക്വട്ടേഷനുകളാണ് അംഗീകരിച്ചതെങ്കിലും 5 പേർ പങ്കെടുത്തതിൽ സെക്രട്ടറി സംബന്ധിച്ചിട്ടില്ല. കമ്മിറ്റി കൺവീനറായ സെക്രട്ടറി പങ്കെടുക്കാതെയാണ് യോഗം നടന്നിരിക്കുന്നത്.

മേൽ അപാകങ്ങളിൽ നിന്നും കമ്മിറ്റി നടപടിക്രമം പാലിക്കുന്നില്ല എന്ന് വ്യക്തമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-15 മോണിറ്ററിംഗ് ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ.(എം.എസ് ) നമ്പർ 04/2016/ ത.സ്വ.ഭ.വ.തീയതി 10-01-2016 ഖണ്ഡിക 22 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്നും അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റി കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ തീരുമാനിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്. ഇതിനു വിരുദ്ധമായി കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റി കൺവീനറായി കൃഷി ഓഫീസറാണ് മോണിറ്ററിംഗ് റിപ്പോർട്ടിൽ ഒപ്പുവെച്ചിരിക്കുന്നത്. കൂടാതെ സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ടിൽ കൺവീനർ ഒപ്പുവെച്ചിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയവും ഈടാക്കലും-അപാകങ്ങൾ

### 1.വസ്തുനികുതി അന്തിമ വിജ്ഞാപനം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള മേഖല, നിരക്ക്,റോഡുകളുടെ തരം എന്നിവ ഗ്രമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നടപടിക്രമങ്ങൾ പാലിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച മുഴുവൻ നടപടിക്രമങ്ങളും രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 2-ഫോറം -6 ലഭ്യമാക്കിയിട്ടില്ല.

2016-17 ബിൽഡിംഗ് നമ്പറിംഗ് ഫയലുകളിൽ വസ്തുനികുതി നിർണ്ണയത്തിനായി വിവരശേഖരണം നടത്തുന്നതിനുള്ള ഫോറം -6 ലഭ്യമാക്കിയിട്ടില്ല.ആയത് ഫയലുകളിൽ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-കുറഞ്ഞനിരക്കിൽ വസ്തുനികുതി കണക്കാക്കി-ഗ്രാമ പഞ്ചായത്തിന് നഷ്ടം

കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം അനുസരിച്ച്

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100ച.മീ. വരെ ₹30 നിരക്കിലും 100 ച.മീ. ന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹50 നിരക്കിലുമാണ് നികുതി കണക്കാക്കിയിരുന്നത്.. താഴെ പറയുന്ന കെട്ടിടത്തിന് 100 ച.മീ.വരെയുള്ള കെട്ടിടങ്ങൾക്ക് ഈടാക്കുന്ന ₹30/ച.മീ.നിരക്കിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്.ഇത്തരത്തിൽ നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം ഉടമ | വാർഡ്/കെട്ടിട നം./വിസ്തീർണ്ണം | നികുതി നിർണ്ണയം നടത്തിയ തിയ്യതി | നിർണ്ണയിച്ച നികുതി@ ₹30 20% വർദ്ധനവ് 10% കുറവ് | ഈടാക്കേണ്ട നികുതി@ ₹50 20% വർദ്ധനവ് 10% കുറവ് | കുറവ് |
|---|---|---|---|---|---|---|
| 1 | വല്ല്യാത്ത് എടക്കണ്ടി സുബൈദ,മുഹമ്മദ് നൂഹ്,റൈഹാൻ | XVII-332E 102.08 | 7.10.16 | 3369 | 5614 | 2245 |

കുറവായ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ബന്ധപ്പെട്ട രേഖകളിൽ മാറ്റം വരുത്തേണ്ടതുമാണ്.

4-കൂടിയ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ -ചട്ടം 4 ഉപചട്ടം 1ൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായികണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പർ നല്കി 100 ച.മീ. കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 30 രൂപയാണ് ചുമത്തുന്നത്. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള 100 ച.മീ.അധികമുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം തുടർ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം ഉടമ | വാർഡ്/ കെട്ടിട നം./ വിസ്തീർണ്ണം | നികുതി നിർണ്ണയം നടത്തിയ തിയ്യതി | നിർണ്ണയിച്ച നികുതി 10% കുറവ് 20% വർദ്ധനവ് | ഈടാ ക്കേണ്ടത് @ 50/- 10% കുറവ് 20% | കുറവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | വർദ്ധനവ് | | |
| 1 | നെല്ലിക്കന്റവിട നാസ്സർ | IX378A(G.F) 20.64 ച.മീ. | 25.04.2017 | 682 | 1135 | 453 | |
| | | IX378B(G.F) 19.09 ച.മീ. | " " | 630 | 1050 | 420 | |
| | | IX378C(G.F) 19.09 ച.മീ. | " " | 630 | 1050 | 420 | |
| | | IX378D(G.F) 19.09 ച.മീ. | " " | 630 | 1050 | 420 | |
| | | IX378E(G.F) 19.24ച.മീ. | "" | 635 | 1058 | 423 | |
| | | IX378F(G.F) 23.30 ച.മീ. | " " | 839 | 1281 | 442 | |
| | | IX378E(G.F) 19.24 ച.മീ. | " " | 718 | 1135 | 417 | |
| | | IX378G(G.F) 21.73 ച.മീ. | " " | 718 | 1135 | 417 | |
| | | IX378H(G.F) 21.73 ച.മീ. | " " | 723 | 1145 | 422 | കിഴിവ് 5% ഒന്നാം നില |
| | | IX378I(G.F) 21.90 ച.മീ. | " " | 723 | 1145 | 422 | |
| | ആകെ | | | | | 4256 | |
| | 25.012017-ന് പണി പൂർത്തിയായ കെട്ടിടത്തിന് ചട്ട പ്രകാരമുള്ള വസ്തുനികുതി ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. | | | | | | |
| 3 | വല്ല്യാത്ത് എടക്കണ്ടി സുബൈദ,മുഹമ്മദ് | XVII-332B | 25.04.2017 | 870 | 1450 | 580 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 26.37 | | | | | |
| | നൂഹ്,റൈഹാൻ | XVII-<br>332C<br>27.25 | " " | 899 | 1499 | 600 | |
| | | XVII-<br>332D<br>32.06 | " " | 1058 | 1763 | 705 | |
| ആകെ | | | | | | 1885 | |

കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് പുനപരിശോധിച്ച് കുറവ് വന്ന തുകയായ 6141 രൂപ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. 14-01-2011 മുതൽ(വസ്തു നികുതി ചട്ടം പ്രാബല്യത്തിൽ വന്ന തീയതി)കെട്ടിട നമ്പർ നൽകിയിട്ടുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പുന:പരിശോധനക്ക് വിധേയമാക്കി നികുതിയിനത്തിൽ കുറവ് സംഭവിച്ചത് ഈടാക്കേണ്ടതാണ്.

ക്രമ നം.1,3 എന്നിവയുടെ ഫയലുകൾ ഓഡിറ്റിനു (അന്വേഷണ കുറിപ്പ്-20 തീ.5.10.2017) ലഭ്യമാക്കിയിട്ടില്ല.

5-വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

2016-17 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2403899 രൂപ വസ്തുനികുതി ഇനത്തിൽ വരവും 2533579 രൂപ കുടിശ്ശികയായി പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്,ഭീമമായ തുക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ടായിരുന്നിട്ടും ഡിമാന്റ് രജിസ്റ്റർ,കുടിശ്ശിക ഡിമന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല,ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

6-വസ്തു നികുതി നിർണ്ണയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 ൽ 5,6,9 എന്നിവ പ്രകാരം വസ്തുനികുതി നിർണ്ണയിച്ചത് ഫാറം 4 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്,ഇത് പ്രാകാരമുള്ള രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല,രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7-ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011-ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു

സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും ഇതുവരെ ഗ്രാമ പഞ്ചായത്ത് ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-2 അസംബ്ലി കം മെർക്കന്റൈൽ വിഭാഗത്തിലുള്ള കെട്ടിടത്തിന് വാണിജ്യ കെട്ടിട നിർമ്മാണത്തിനുള്ളപെർമിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല.

ഗ്രാമപഞ്ചായത്ത് ശ്രീ.കുഞ്ഞബ്ദുള്ള വലിയ പറമ്പത്ത് എന്നയാൾക്ക് 222/5Aസർവ്വെനമ്പറിൽ 142/16 തീ.16.02.2017 പെർമിറ്റ് വാണിജ്യ കെട്ടിടം(ഷോ പ്പിങ്ങ് കോപ്ലക്സ്) എന്ന വിഭാഗത്തിലാണ് അനുവദിച്ചത് എന്നാൽ അഗ്നി ശമന വകുപ്പിന്റെ 29.04.2016 ലെ E-828/17 അനുമതി പത്ര പ്രകാരം അസംബ്ലി കം മെർക്കന്റൈൽ വിഭാഗത്തിനാണ് നിരാക്ഷേപ പത്രം അനുവദിച്ചത്. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം34 പ്രകാരം ഫയർ&റസ്ക്യൂ വകുപ്പ് പരിശോധിച്ച അനുമതി നൽകിയത് ഗ്രൂപ്പ് D വിഭാഗത്തിലുള്ള കെട്ടിടത്തിനും ഗ്രാമ പഞ്ചായത്ത് അനുമതി നൽകിയത് ഗ്രൂപ്പ് F വിഭാഗത്തിലുള്ള കെട്ടിടത്തിനുമാണ് ചട്ടം 35 ലെ തറവിസ്തീർണ്ണാനുപാത ഫീസ്സ് രണ്ട് വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്കും വ്യത്യസ്തമായാണ് ഈടാക്കേണ്ടത് ഗ്രൂപ്പ് ഡി കെട്ടിടത്തിന് കാറ്റഗറി II ഗ്രാമപഞ്ചായത്തിൽ അനുവദിനീയമായ തറവിസ്തീർണ്ണാനപാതം അധിക ഫീസ്സ് ഇല്ലാതെ0.70 ഉം,ഫീസ്സോടികൂടി 1.25 ഉം ആണ്, ഗ്രൂപ്പ് എഫ് കെട്ടിടത്തിന് ഇത് യഥാക്രമം1.75 ഉം 2.25 ഉം ആണ്,ചട്ടം 35 ലെ കുറിപ്പ് (iii)പ്രകാരംതറവിസ്തീർണ്ണാനുപാതവും വ്യാപ്തിയും കണക്കാക്കുന്നത് ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതാണ്. കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി പെർമിറ്റ് അനുവദിച്ചത് കാരണം തറവിസ്തീർണ്ണാനുപാത ഫീസ്സ് നിർണ്ണയിച്ചത് ഉൾപ്പെടെയുള്ളവ പുന:പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ ലിഫ്റ്റ് ഏരിയ കണക്കാക്കാതെയാണ് (ഏതെങ്കിലും ഒരു നിലയിൽ ഉൾപ്പെടുത്തണം)തറവിസ്തീർണ്ണാനുപാത ഫീസ്സ് ഈടാക്കിയിട്ടുള്ളത്.ആയതിനാൽ തറവിസ്തീർണ്ണാനുപാതം കണക്കാക്കിയതിന്റെ വിശദമായ റിപ്പോർട്ട്(ഓരോ നിലയിലെയും ഏരിയയുടെ അടിസ്ഥാനത്തിൽ) പരിശോധിച്ച് കുറവ് വന്ന ഫീസ്സ് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| ഡിമാന്റ് രജിസ്റ്ററിലെ കമ.നം | പേര് | വ്യാപാരം | കെട്ടിടനം | റസീറ്റ് നം തീയ്യതി |
|---|---|---|---|---|
| 10 | ടി മാമി | ഹോട്ടൽ | V 281A | 1160410073/5.4.16 |

| | | | | |
|---|---|---|---|---|
| 11 | അബ്ദുൾനാസ്സർ | ഇരുമ്പ് ഉരുക്ക് കച്ചവടം | V 455A | 1160410075/5.4.16<br>100 |
| 16 | ഇബ്രാഹിം പികെ | സ്റ്റേഷനറി | V 281 D | 11604100186/8.4.16<br>100 |

ഡി&ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ ഡി&ഒ ലൈസൻസ് പരിധിയിൽ വന്നിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക1(3ാം ചട്ടപ്രകാരം)ക്രമ നം 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഡി&ഒ ലൈസൻസ് ആവശ്യമാണ്. ഡി&ഒ ഡിമാന്റ് രജിസ്റ്റർ,ട്രേഡേർസ് ലിസ്റ്റ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഡി.&ഒ. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.

2016-2017 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ആണ് ഒടുക്ക് വരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല. ടെൻഡർഫോം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ-സപ്ലൈ ചെയ്ത എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിൽ

<u>സൂക്ഷിച്ചിരിക്കുന്നു.പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

<table>
<tr><td rowspan="5">1</td><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="2">സെക്രട്ടറി</td></tr>
<tr><td>പ്രോജ്കട് നമ്പർ പേര്</td><td colspan="2">180/17 പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ</td></tr>
<tr><td>അടങ്കൽ</td><td colspan="2">3,06,345/-വികസനഫണ്ട് (പൊതു വിഭാഗം-സാധാരണവിഹിതം)<br>1,34,655/-തനത് ഫണ്ട്</td></tr>
<tr><td rowspan="2">ചെലവ്</td><td rowspan="2">3,06,345/-വികസനഫണ്ട് (പൊതു വിഭാഗം-സാധാരണവിഹിതം)</td><td>വൗച്ചർ നം/തിയ്യതി</td></tr>
<tr><td>21601039/29.03.17<br>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്,കോഴിക്കോട്</td></tr>
</table>

പ്രൊജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

1.പ്രൊജക്ട് പ്രകാരം വാങ്ങിയ 143 എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്.

2.തെരുവു വിളക്കുകൾ സ്ഥാപിക്കൽ പ്രൊജക്ടിൽ എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കാതെ സ്ഥാപനത്തിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

3.എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ് .ഇ. ബി യിൽ നിന്നുള്ള അനുമതി വാങ്ങിയതായി കാണുന്നില്ല.

4.30.03.2017 തിയ്യതി വാങ്ങിയ വിളക്കുകൾ സ്ഥാപിക്കാത്തത് കാരണം അവയ്ക്ക് ലഭിക്കേണ്ടിയിരുന്ന വാറന്റി പ്രയോജനപ്പെടുത്താൻ സാധിക്കാതെ വന്നിട്ടുണ്ട്.നിലവിൽ 6 മാസത്തെ വാറന്റി കാലയളവ് ഉപകരണങ്ങൾക്ക് നഷ്ടമായിട്ടുണ്ട്. വാറന്റി കാലയളവ് നഷ്ടമായതിന് ഉചിതമായ നഷ്ടപരിഹാരം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

5.പ്രൊജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കയിട്ടില്ല

പ്രൊജക്ട് നിർവഹണത്തിൽ മേൽസൂചിപ്പിച്ച വീഴ്ചകളുള്ളതിനാൽ 3,06,345/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ബാരൽ വില ഈടാക്കിയില്ല

2016-17 വർഷം നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പേക്ക്ഡ് ബിറ്റുമിന്റെ വിലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ബിൽ നൽകുമ്പോൾ ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ഇതുകാരണം കരാറുകാർക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. ഒഴിഞ്ഞ ബാരലിന്റെ വില കണക്കാക്കി കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതും തുക ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ നമ്പർ/പേര് | കരാറുകാരന്റെപേര് | എം ബുക്ക് നമ്പർ | ബിൽ നമ്പർ / തുക |
|---|---|---|---|---|
| 1 | 118 /17 – മുക്കിലെ പീടിക വിജ്ഞാനോദയം റോഡ് റീ ടാറിംഗ് | ശ്രീ. പി.വി.കൃഷ്ണൻ | 69/15-16 | 11/16-17 dtd.30-12-2016 ₹54885 |
| 2 | 128/17- കൊളവല്ലൂർ.എച്ച്.എസ്.എസ്. റോഡ് പാച്ച് വർക്ക് | ശ്രീ.വി.കെ.അമ്മദ് മാസ്റ്റർ | 09/16-17 | 26/16-17 dtd 18-03-2017 ₹ 181777 |
| 3 | 157/17- സ്റ്റേഡിയം റോഡ് റീ ടാറിംഗ് | ശ്രീ.സി.കെ.സുഭാഷ് | 12/16-17 | 27/16-17 dtd 23-03-2017 ₹ 391865 |
| 4 | 91/17-ചേലക്കാട്ടുപ്പള്ളി ജലനിധി റോഡ് ടാറിംഗ് | ശ്രീ. ജോൺ ബെൻസ്.ആർ | 03/16-17 | 28/16-17 dtd 23-03-2017 ₹ 266975 |
| 5 | 86-17- കക്കോട്ടുവയൽ | ശ്രീ.സി.കെ.സുഭാഷ് | 04/16-17 | 31/16-17 dtd |

| | | | | |
|---|---|---|---|---|
| | -കക്കോട്ട നേതാജി റോഡ് ടാറിംഗ് | | | 27-03-2017<br>₹181700<br>32/16-17 dtd 27-03-2017<br>₹1465 |
| 6 | 88/17- വില്ലേജ് ഓഫീസ് പുറക്കള്ളി മുക്ക് റോഡ് ടാറിംഗ് | ശ്രീ. പി.വി.കൃഷ്ണൻ | 16/16-17 | 33/ 16-17 dtd 27-03-2017<br>₹363894 |
| 7 | 94/17-പുത്തൻ പുരയിൽ മുക്ക് | ശ്രീ.വി.പി.ചന്ദ്രൻ | 10/16-17 | 29/16-17 dtd 23-03-2017<br>₹ 298070 |
| 8 | 80/17- മഞ്ഞകാഞ്ഞിരം പി.എച്ച്.സി.റോഡ് ടാറിംഗ് | ശ്രീ.സി.കെ.സുഭാഷ് | 04/2017 | 35/ 16-17 dtd 27-03-2017<br>₹358345<br>36/ 16-17 dtd 27-03-2017<br>₹178033 |
| 9 | 98/17- പൂതങ്കോട് കോമത്ത് മുക്ക് റോഡ് ടാറിംഗ് | ശ്രീ.ഇ.മുഹമ്മദ് സലീം | 18/16-17 | 39/ 16-17 dtd 30-03-2017<br>₹395315 |
| 10 | 83/17- കക്കാട് കട്ടംങ്ങാംപൊയിൽ | ശ്രീ. പി.വി.കൃഷ്ണൻ | 11/ 2016-17 | 44/ 16-17 dtd 30-03-2017<br>₹543069 |

| | | | | |
|---|---|---|---|---|
| | | | | 45/ 16-17 dtd 30-03-2017<br>₹100000<br>49/ 16-17 dtd 31-03-2017<br>₹20178 |
| 11 | 97/17-തയ്യുള്ളതിൽമുക്ക് നരിപ്രക്കുന്ന് റോഡ് ടാറിംഗ് | ശ്രീ.ഇ.മുഹമ്മദ് സലീം | 13/16-17 | 40/ 16-17 dtd 30-03-2017<br>₹249794 |
| 12 | 105/17- പി.എച്ച്.സി .റോഡ് റീടാറിംഗ് | ശ്രീ.സി.കെ.സുഭാഷ് | 05/16-17 | 21/ 16-17 dtd 09-03-2017<br>₹119827 |
| 13 | 87/17- കോച്ചേരി മുക്ക് പുതുക്കുടി റോഡ് ടാറിംഗ് | ശ്രീ. പി.വി.കൃഷ്ണൻ | 07/16-17 | 34/ 16-17 dtd 27-03-2017<br>₹322342 |
| 14 | 123/17- ഗുരുദേവ സ്മാരകം കിഴക്കുവയൽ റോഡ് റീടാറിംഗ് | ശ്രീ.ടി.എം.അജിത്ത് | 34/16-17, 29/16-17 | 48/16-17 dtd 31-03-2017<br>₹574949 |
| 15 | 95/17- പണ്ടാരക്കണ്ടി വി.സി.ബി. ശിഹാബ് തങ്ങൾ റോഡ് ടാറിംഗ് | ശ്രീ.വി.കെ.അമ്മദ് മാസ്റ്റർ | 15/16-17 | 50/16-17 dtd 31-03-2017<br>₹447621 |
| 16 | 101/17- മീനോത്ത് താഴെ | ശ്രീ.എം.രാജൻ | 22/16-17 | 52/16-17 dtd |

| | | | | |
|---|---|---|---|---|
| | പുതിയ പീടിക യത്തീംഖാന റോഡ് ടാറിംഗ് | | | 31-03-2017<br>₹605851 |
| 17 | 164/17- മീത്തലെ കുന്നോത്ത് പറമ്പ് കമ്മ്യൂണിറ്റി ഹാൾ | ശ്രീ.എം.രാജൻ | 21/16-17 | 53/16-17 dtd 31-03-2017<br>₹120535 |
| 18 | 116/17- ചിത്തിക്കര കണ്ടുംകയം റോഡ് ടാറിംങ്ങും കൾവർട്ട് നിർമ്മാണവും | ശ്രീ. പി.വി.കൃഷ്ണൻ | 55/15-16 | ചെക്ക് നമ്പർ-- 8335101 dtd 24-11-2016 |
| 19 | 93/17- ചിറക്കര ഉടുമ്പയിൽ മുക്ക് റോഡ് ടാറിംഗ് | ശ്രീ.എം.ബാലൻ | 55/16-17 | 66/16-17 dtd 31-03-2017<br>₹476531 |
| 20 | 108/17- കൂറ്റേരി വയലോരം റോഡ് ടാറിംഗ് | ശ്രീ. പി.വി.കൃഷ്ണൻ | 25/16-17 | 69/16-17 dtd 31-03-2017<br>₹495532 |
| 21 | 155/17—ളുവ്വക്കുന്ന് മണിമുട്ടി മാണിക്കോത്ത് എൻ.എ.എം കോളേജ് റോഡ് ടാറിംഗ് & റീ ടാറിംഗ് | ശ്രീ.എം.ബാലൻ | 28/16-17 | 71/16-17 dtd 31-03-2017<br>₹642443 |
| 22 | 89/17- രാഗം തളത്തിൽ തറപ്പറം റോഡ് ടാറിംഗ് | ശ്രീ.എം.ബാലൻ | 39/16-17 | 72/16-17 dtd 31-03-2017<br>₹543870 |
| 23 | 81/17—കല്ലുവളപ്പ ഒറ്റക്കൈതച്ചാൽ റോഡ് ടാറിംഗ് | ശ്രീ.സി.കെ.സുഭാഷ് | 26/16-17 | 56/16-17 dtd 31-03-2017<br>₹337732 |

| | | | | |
|---|---|---|---|---|
| 24 | 78/17—മാവിലേരി-കണ്ടോത്ത് ചാൽ റോഡ് സോളിംഗ്,ടാറിംഗ് | ശ്രീ.ടി.എം.അജിത്ത് | 24/16-17 | 58/16-17 dtd 31-03-2017<br>₹481744 |
| 25 | 102/17- താഴെ കുന്നോത്ത് പറമ്പ് ശ്രീനാരായണ മഠം കുളിച്ചാൽ | ശ്രീ.എം..രാജൻ | 32-16-17,<br>53/16-17 | 59/16-17 dtd 31-03-2017<br>₹544266 |
| 26 | 124/17-തുണ്ടിയിൽ മഠപ്പുര മഞ്ഞക്കാഞ്ഞിരം റോഡ് ടാറിംഗ് | ശ്രീ.കെ.മനോജ് | 37/16-17 | 67/16-17 dtd 31-03-2017<br>₹518668 |
| 27 | 121/17- കൈവേലിക്കൽ വലിയാറമ്പത്ത് ഉട്ടംപ്പൊട്ടി റോഡ് ടാറിംഗ് | ശ്രീ.കെ.മനോജ് | 35/16-17 | 68/16-17 dtd 31-03-2017<br>₹373323<br>76/ 16-17 dtd 31-03-2017<br>₹97000 |
| 28 | 120/17-ജാതിക്കൂട്ടം കൽവേർട്ടിനോട് ചേർത്ത് റോഡ് ഭാഗം ഉയർത്തലും ടാറിംഗും | ശ്രീ.കെ.മനോജ് | 43/15-16,<br>73/15-16 | വൗച്ചർ നം 21600700 dtd 04-01-2017 ₹277920,<br>വൗച്ചർ നം 21600703 dtd 04-01-2017<br>₹11827<br>വൗച്ചർ നം 21600701 dtd 04-01-2017 |

| | | | | |
|---|---|---|---|---|
| | | | | ₹2957<br>വൗച്ചർ നം 21600702 dtd 04-01-2017<br>₹2957 |

## 3-3 ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന് പ്രസവാവധി ശമ്പളം അനുവദിച്ചത് -രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി റിൻസി.കെ.പി എന്നവർക്ക് (വൗച്ചർ നമ്പർ-21601078/27-03-2017 പ്രകാരം) 1,16,667/-രൂപ പ്രസവാവധി ശമ്പളം ഇനത്തിൽ (2016 ജൂൺ മുതൽ 2016 നവംബർ 25 വരെയുള്ള കാലയളവിൽ)അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.പ്രസവാവധി അനുവദിച്ച ഉത്തരവ്

2.ഗ്രാമപഞ്ചായത്തുമായുണ്ടാക്കിയ കരാർ,നിയമനം സംബന്ധിച്ച ഫയൽ

3.അവധി കാലയളവിൽ ദിവസവേതനടിസ്ഥാനത്തിൽ 6 മാസത്തേക്ക് പകരം നിയമനം നടത്തുകയും ദിവസവേതനം അനുവദിക്കുകയുണ്ടായി. എന്നാൽ പകരം നിയമനം നടത്തുന്നതിന് ഭരണവകുപ്പിൽ നിന്നുള്ള അനുമതി രേഖകൾ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ചെലവ് തുക 116667 രൂപ തടസ്സം ചെയ്യുന്നു.

## 3-4 ആർജ്ജിതാവധി ടെർമിനൽ സറണ്ടർ-സേവനപുസ്തകം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത് റിട്ട.സെക്രട്ടറി ശ്രീ എം.മോഹനന് ആർജ്ജിതാവധി ടെർമിനൽ സറണ്ടർ കുടിശ്ശിക ഇനത്തിൽ 1,19,348/-രൂപ വൗച്ചർ നമ്പർ-21600964/17-03-2017 പ്രകാരം അനുവദിച്ചിട്ടുണ്ട്.(വൗച്ചർ നമ്പർ 2150275/29-03-2016 പ്രകാരം അനുവദിച്ച 5,75,812/-രൂപയുടെ കുടിശ്ശിക).വിരമിച്ച ജീവനക്കാരന്റെ സേവനപുസ്തകമോ ആർജ്ജിതാവധി അക്കൗണ്ടുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ

പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 1,19,348/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 സാമൂഹ്യസുരക്ഷപെൻഷൻ-മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ പെൻഷൻ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഡി.ബി.ടി സമ്പ്രദായത്തിലൂടെയുള്ള പെൻഷൻ വിതരണത്തിൽ പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടുപോയാലും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്.എ.ടി.എം സൗകര്യമുള്ളതിനാൽ അവകാശികൾക്ക് പെൻഷൻ തുക പിൻവലിക്കുവാനും സാധിക്കും.പെൻഷനർ മരിച്ച് മാസങ്ങൾ കഴിഞ്ഞതിന് ശേഷമാണ് ബന്ധുക്കൾ ഗ്രാമപഞ്ചായത്തിനെ വിവരം രേഖാമൂലം അറിയിക്കുന്നത്. പെൻഷനർ മരണപ്പെട്ട വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തത് മൂലമോ വൈകി അറിയിക്കുന്നത് മൂലമോ മരണപ്പെട്ട തീയതിക്ക് ശേഷവും പെൻഷൻ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നതിനും എ ടി എം കാർഡ് ഉപയോഗിച്ചോ മറ്റ് മാർഗ്ഗങ്ങൾ വഴിയോ പെൻഷൻ പിൻവലിക്കുവാനും സാധിക്കുന്നതായി വ്യക്തമാണ്. പെൻഷനർ മരിച്ചതിന് ശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാപ്പെടാതിരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം അനുവദിച്ചത് സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകുന്ന മുറക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന് തുടർ വിദ്യാ കേന്ദ്രങ്ങളായ പുത്തൂർ , പാറാട് ,കിഴക്ക് വയൽ പ്രേരക് മാരുടെ ( 3 പേർ ) 1.4.16 മുതൽ 31.3.17 വരെയുള്ള ഓണറേറിയം 166915 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത് . തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാകുന്ന മുറക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-7 പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ -നിർവ്വഹണത്തിലെ അപാകങ്ങൾ- ചെലവ് തുക 99800 തടസ്സപ്പെടുത്തുന്നു.

നിർവഹണം:അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം--45 /16- 17. (പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്

നൽകൽ.

അടങ്കൽ ---₹ 300006 വികസന ഫണ്ട് (ടി.എസ്.പി)

₹ 24994 തനത് ഫണ്ട്

ആകെ --- ₹ 325000

ചെലവ്--- ₹ 299400 .

ബിൽ നം --3 / 2016-17 / 23.3.17. ₹ 299400

മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോർപ്പറേറ്റ് ബിസിനസ്സ് സൊലൂഷ്യൻസ് കണ്ണൂരിൽ നിന്നും 12 ലാപ്പ് ടോപ്പുകൾ വാങ്ങുകയും ചെയ്തു. (ഇൻവോയ്സ്. നം 797 13.3.17)

ഇവ 12 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1 .ജി.ഒ.(എം.എസ്.) 4 /16 ,ത.സ്വ.ഭ.വ , 11.1.16 , സ.ഉ.( സാധാ) 2464 /16 ത.സ്വ.ഭ.വ, 17.8.16 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, പോളിടെക്കനിക്ക്, ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. മേൽ പറഞ്ഞ വിഭാഗത്തിൽപ്പെടാത്ത വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി ഇല്ല. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകിയിട്ടുള്ളതിൽ അപാകതയുണ്ട്.

| ക്രമ.നം | പേര് | വിഷയം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | അപർണ്ണ,കല്ലായിന്റവിട ,പുത്തൂർ. | 2 വർഷത്തെ ഡിപ്ലോമ | ലിൻഡാസ് ഇൻസ്റ്റിറ്റ്യൂട്ട് ,തലശ്ശേരി. |
| 2 | ബവിത്ത് സി. എം,പുത്തൂർ | മെക്കാനിക്കൽ എഞ്ചിനിയറിംഗ്. | നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ,തലശ്ശേരി. |
| 3 | രബിൻ രമേഷ് , ത്രുവ്വക്കുന്ന് | ബി.സി.എ | ക്രൈസ്റ്റ് കോളേജ് ,തലശ്ശേരി. |
| 4 | ബബിന സി എം,കോറോത്ത്,പുത്തൂർ | ബി.ബി.എ. | ക്രൈസ്റ്റ് കോളേജ് ,തലശ്ശേരി. |

2- ഈ നാല് ഗുണഭോക്താക്കൾക്കും സർവ്വകലാശാല രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ

ഇല്ലാതെ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

3- ക്രമ.നം.2,4 എന്നിവരുടെ രേഖകൾ പരിശോധിച്ചപ്പോൾ മേൽ പറഞ്ഞ രണ്ട് വിദ്യാർത്ഥികളും ഒരേ കുടുംബത്തിൽ നിന്നുള്ളവരായി കാണുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ സംബന്ധിച്ച് 30.7.01ലെ 25421/DP1/2001/ത.സ്വ.ഭ.വകുപ്പ് സർക്കുലറിൽ ഒരേ ആവശ്യത്തിന് ഒരേ കുടുംബത്തിൽ നിന്ന് ഒന്നിലധികം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) എസ്.സി.വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ കുറവ് കാരണമാണ് ഒരേ കുടുംബത്തിൽ പ്പെട്ടവർക്ക് നൽകിയത് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാലും സർവ്വകലാശാല രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാലും നാല് വിദ്യാർത്ഥികൾക്കായി ചെലവ് ചെയ്ത 99800 രൂപ (24950 x 4) തടസ്സപ്പെടുത്തുന്നു.

## 3-8 എസ്.സി യുവജനങ്ങൾക്ക് സ്വയം തൊഴിൽ സംരംഭത്തിന് ഓട്ടോറിക്ഷ വാങ്ങൽ- സബ്സിഡിയിനത്തിൽ അനുവദിച്ച 200000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം -46 / 17 (എസ്.സി യുവജനങ്ങൾക്ക് സ്വയം തൊഴിൽ സംരംഭത്തിന് ഓട്ടോറിക്ഷ വാങ്ങൽ)

നിർവഹണം:അസിസ്റ്റന്റ് സെക്രട്ടറി

വികസന ഫണ്ട്(എസ്.സി.പി) -200000

ചെലവ് : : 200000/- രൂപ

ബിൽ നം.7 / 16-17 തീ 29.3.17 ₹ 200000

നിർവ്വഹണം - അസി.സെക്രട്ടറി.

സ്വയം തൊഴിൽ സംരംഭത്തിന് ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. (1.)സനൂപ് ചാലിൽ,പുത്തൂർ. s/o ബാലൻ ചാലിൽ & (2.) രാജേഷ് ചാലിൽ,പുത്തൂർ. s/o ബാലൻ ചാലിൽ എന്നീ രണ്ട് ഗുണഭോക്താക്കളുടെ ഓട്ടോറിക്ഷ വിലയായി കണ്ണൂർ,കെ.വി.ആർ.വെഹിക്കിൾസിന്റെ പ്രൊഫോർമ ഇൻവോയ്സ് നം.145,15.3.17 പ്രകാരം 175549 രൂപയാണ്. (3.) ജിജേഷ്.സി. കുണ്ടൻചാലിൽ. (4.)രജിനേഷ്,പ്രാപ്പറ്റ്,പുത്തൂർ എന്നിവരുടെ കണ്ണൂർ, പയനീയർ മോട്ടോർസിന്റെ പ്രൊഫോർമ ഇൻവോയ്സ് നം141, 23.3.17 പ്രകാരം 221980 രൂപയാണ്.

മേൽ പദ്ധതിയുടെ ഭാഗമായി താഴെ കൊടുത്ത 4 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതമായ 200,000/- രൂപ (50000*4) കേരള ഗ്രാമീണ ബാങ്ക് മാനേജർ(പുത്തൂർ), സിണ്ടിക്കേറ്റ് ബാങ്ക് മാനേജർ ( പാറാട്ട് ശാഖ ) എന്നിവർക്ക് നൽകിയിട്ടുണ്ട്.

1.സനൂപ് ചാലിൽ,പുത്തൂർ. s/o ബാലൻ ചാലിൽ

2.രാജേഷ് ചാലിൽ,പുത്തൂർ. s/o ബാലൻ ചാലിൽ.

3.ജിജേഷ് .സി. കുണ്ടൻചാലിൽ.

4.രജിനേഷ്,പ്രാപ്പറ്റ്,പുത്തൂർ.

1. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽനിന്നും ക്രമ.നം.1ഉം,2ഉം ഗുണഭോക്താക്കൾ ഒരേ കുടുംബത്തിൽപ്പെട്ടവരാണെന്ന് വ്യക്തമായിട്ടുണ്ട്. 30.7.01ലെ 25421/ഡി.പി1/2001/തസ്വഭവ നം സർക്കുലറിൽ ഒരേ ആവശ്യത്തിന് ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം ഗുണഭോക്താക്കളെ എടുക്കരുത് എന്ന നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. കൂടാതെ ഗുണഭോക്തക്കൾ ഓട്ടോറിക്ഷ വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല.

2. ധനസഹായ തുക ബാക്ക് എൻഡഡ് സബ്സിഡിയായി അടവാക്കിയതിന്റെയോ, ലോൺ എടുത്തതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കൾ കൂടുതൽ പേർ ഇല്ലാത്തത് കാരണമാണ് ഒരേ കുടുംബത്തിൽപ്പെട്ടവർക്ക് നൽകിയത് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. മറുപടി തൃപ്തികരമല്ലാത്തതിനാലും, രേഖകൾ ഹാജരാക്കാത്തതിനാലും ചെലവ് തുകയായ 200000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 പി.എച്ച്.സി. സ്റ്റോർ റൂം എയർകണ്ടീഷൻ ചെയ്യൽ - മൂല്യനിർണ്ണയ റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് - ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം - എസ്. ഒ .53 /17

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - ₹ 60000 /

ചെലവ് - ₹ 43130

ബിൽ നം - 16 / 2016-17 , 31 .3.17 ₹ 43130 /

നിർവ്വഹണം - മെഡിക്കൽ ഓഫീസർ,പിഎച്ച്.സി.

കുന്നോത്തുപറമ്പ് പി. എച് .സി.യുടെ ഫാർമസി സ്റ്റോർ എയർ കണ്ടീഷൻ ചെയ്യുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനമായ കൊല്ലം മേക്സ്സെൽ ഏജൻസീസിനു മേൽ ബിൽ പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട്. (ഇൻവോയ്സ് നം b/866 /2016-17 28.3.17 ) . എന്നാൽ ഫാർമസി സ്റ്റോർ മുറിയിൽ എയർ കണ്ടിഷൻ സ്ഥാപിച്ചത് സംബന്ധിച്ച പൊതുമരാമത്ത് വകുപ്പ് അസി.എക്സി.യുടെ മൂല്യനിർണ്ണയ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല . മൂല്യനിർണ്ണയ റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 പി.എച്.സി.ക്ക് ഫോട്ടോസ്റ്റേറ്റ് മെഷിൻ വാങ്ങൽ–നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.

പ്രൊജക്റ്റ് നം-- 52 /16- 17 പി.എച്.സി.ക്ക് ഫോട്ടോസ്റ്റേറ്റ് മെഷിൻ വാങ്ങൽ.

അടങ്കൽ ---₹ 60000 .മെയിന്റനൻസ് ഫണ്ട് ( റോഡിതരം)

ചെലവ്--- ₹ 60000.

ബിൽ നം --7/ 2016-17 / 14.2.17. ₹60000

പി.എച്ച്.സിക്ക് ഫോട്ടോസ്റ്റേറ്റ് മെഷിൻ വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഫോട്ടോസ്റ്റേറ്റ് മെഷിൻ വിതരണം ചെയ്ത സീഗൾ ടേക്ക്നോളജീസ് എന്ന സ്ഥാപനത്തിന് തുക നൽകുന്നതിനാണ് മേൽ പറഞ്ഞ ബിൽ പ്രകാരം തുക പിൻവലിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (ജി.ഒ(പി)259/2010 ത.സ്വ.ഭ.വ 8.11.2010 പ്രകാരം 25000 - 99999 വരെ ഉള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറിംഗ് രീതി അവലംബിക്കേണ്ടതാണ് . വാങ്ങലുകൾക്ക് വകുപ്പദ്ധ്യക്ഷൻ നിയമിക്കുന്ന മൂന്നംഗ ലോക്കൽ പർച്ചേസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ വാങ്ങൽ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടതായി കാണുന്നില്ല. ക്വട്ടേഷൻ മുഖാന്തിരമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത് . 26.2.17 ലെ 32/2017 നം. ക്വട്ടേഷൻ നോട്ടീസ് പ്രകാരം ക്വട്ടേഷൻ സ്വീകരിക്കേണ്ട അവസാന തീയ്യതിയായി രേഖപ്പെടുത്തിയത് 12.3.17 എന്നാണ്. എന്നാൽ സീഗൾ ടേക്ക്നോളജീസ് സമർപ്പിച്ച 10.1.17 ലെ ക്വട്ടേഷൻ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 14.2.17ന് തന്നെ മേൽ പറഞ്ഞ ബിൽ പ്രകാരം തുക അനുവദിച്ചതായും കാണുന്നു. ഇപ്രകാരം വാങ്ങൽ നടപടിക്രമങ്ങളിൽ വന്ന വീഴ്ചയ്ക്കുള്ള കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.കൂടാതെ പി.എച്ച്. സി. യുടെ സ്റ്റോക്ക് രജിസ്റ്റർ, ഗുണ നിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തികാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-11 സാന്ത്വന പരിചരണം- സർക്കാർ നർദ്ദേശ പ്രകാരമുള്ള ഹോം വിസിറ്റ് ദിനങ്ങൾ ഉറപ്പവരുത്തേണ്ടതാണ്

പ്രൊജക്റ്റ് നം . 49/16-17 സാന്ത്വന പരിചരണം.

അടങ്ങൽ . 425000 (വികസന ഫണ്ട് )

ചെലവ് - 389864

ബിൽ നം .1 / 2016-17 , 25.10.16 ₹94800

ബിൽ നം .2 / 2016-17 , 25.10.16 ₹91440

ബിൽ നം .4 /2016-17 , 31.12.16 ₹32600

ബിൽ നം .9 / 2016-17 , 25.2.17 ₹63200

ബിൽ നം .11/ 2016-17 , 24.3.17 ₹76224

ബിൽ നം .14 / 2016-17 , 31.3.17 ₹31600

മേൽ പദ്ധതിക്കായി 2016-17 കാലയളവിൽ 389864 രൂപ ചെലവഴിച്ചിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കേണ്ടതായ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ

സ.ഉ (സാധാ)നം. 3217 ത.സ്വ.ഭ.വ. 29.10.15. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2016-17ൽ സെക്കണ്ടറി ലെവൽ ഹോം കെയർ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴ്ചയിൽ 4 ദിവസം എന്ന വിധത്തിൽ 16 ഹോം കെയർ ദിനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം 16 ഹോം കെയർ ദിനങ്ങൾ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മാസം | ഹോം കെയർ ദിനങ്ങൾ |
|---|---|
| 4 16 | 3 |
| 5 /16 | 12 |
| 6/16 | 16 |
| 7/16 | 12 |
| 8 /16 -3/17 | രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. |

2016-17ൽ 170 രോഗികളെയാണ് രജിസ്റ്റർ ചെയ്തിരുന്നത്. മേൽ പട്ടിക പ്രകാരം 6-ാം മാസം മാത്രമാണ് 16 ഹോം കെയർ ദിനങ്ങൾ ലഭ്യമായിട്ടുള്ളത്.പരിചരണത്തിനായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണത്തിനനുസരിച്ചല്ല ഹോം കെയർ ദിനങ്ങൾ നിശ്ചയിക്കേണ്ടത് പകരം പരിചരണം ആവശ്യമായ രോഗിക്ക് ഒന്നിൽ കൂടുതൽ തവണ പരിചരണം ലഭ്യമാക്കുവാനും തുടർ ചികിത്സ നൽകുവാനും വേണ്ടിയുള്ള ദിനങ്ങളാണ് നിശ്ചയിക്കേണ്ടത് .ഹോം കെയർ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് പി.എം.സി കൾ ഉറപ്പ് വരുത്തേണ്ടതാണ് .

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷിക്കേണ്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-12 പി.എച്ച് .സി. ക്ക് മരുന്ന് വാങ്ങൽ - ലഭ്യതാരഹിത

## സാക്ഷ്യപത്രം ഹാജരാക്കാതെയാണ് മരുന്ന് വാങ്ങിയത് - ചെലവ് തുക 25000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം - എസ്. ഒ .51 /17

വികസന ഫണ്ട് - ₹ 25000 /

ചെലവ് - ₹ 25000

ബിൽ നം -8 / 2016-17/914/17 തീ. 14.2.17 ₹ 25000

മേൽ ബിൽ പ്രകാരമുള്ള തുകയ്ക്ക് വടകര സപ്ളൈകോയി ൽ നിന്നും 14 തരം മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്. 12 ാംപദ്ധതി മാർഗ്ഗരേഖപ്രകാരം ആരോഗ്യകേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകൾ വകുപ്പ്മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ് . എന്നാൽ

ലഭ്യതാരഹിത സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ് .മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 25000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 മഴക്കാല പൂർവ്വ ശുചീകരണം - സമയബന്ധിതമായി പൂർത്തിയാക്കിയില്ല - 177760/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 1000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ചെക്ക് നം .5563117 14.11.16 ₹ 178760 (ശുചിത്വമിഷൻ ഫണ്ട് )

നിർവഹണം -------മെഡിക്കൽ ഓഫീസർ , പി.എച്ച്.സി.

മഴക്കാല പൂർവ്വ ശുചീകരണം പ്രവർത്തികൾക്കായി ശുചിത്വ മിഷനിൽ നിന്നും178760 രൂപ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.എന്നാൽ ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് വാർഡ് ശുചിത്വ കമ്മിറ്റി കൺവീനർമാറും ഹാജരാക്കിയിട്ടില്ല. വാർഡ് ശുചിത്വ കമ്മിറ്റികൾ ചെയ്ത ശുചിത്വ പ്രവർത്തികൾക്ക് അനുസൃതമായി വിവിധ വാർഡുകൾക്ക് തുക അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | വാർഡ് നം. | അനുവദിച്ച തുക |
|---|---|---|
| 1 | 1 | 5200 |
| 2 | 2 | 9800 |
| 3 | 3 | 9500 |
| 4 | 4 | 9800 |

| | | |
|---|---|---|
| 5 | 5 | 9800 |
| 6 | 6 | 9600 |
| 7 | 7 | 9800 |
| 8 | 8 | 6440 |
| 9 | 9 | 8820 |
| 10 | 10 | 4900 |
| 11 | 11 | 4900 |
| 12 | 12 | 9840 |
| 13 | 13 | 3360 |
| 14 | 14 | 8400 |
| 15 | 15 | 9600 |
| 16 | 16 | 9600 |
| 17 | 17 | 9400 |
| 18 | 18 | 10000 |
| 19 | 19 | 10000 |
| 20 | 20 | 10000 |
| 21 | 21 | 10000 |
| | ആകെ | 178760 |

മിക്ക വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടുള്ളത് മഴക്കാലംകഴിഞ്ഞതിനു ശേഷമാണ്. വാർഡ് നം.1,3,6,7,9,10,11,13,15,16,17,19,20, & 5-ാം വാർഡിലെ രണ്ടാം ഘട്ടം പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 1.4.16ൽ പുറപ്പെടുവിച്ച 201/DC/2016 നം സർക്കുലറിൽ നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ഇതു പ്രകാരം ഏപ്രിൽ മാസം തുടങ്ങി ജൂൺ അവസാനം വരെ നീണ്ടുനിൽക്കുന്ന കർമ്മ പരിപാടികൾ സംഘടിപ്പിക്കണമെന്നും ജൂൺ 30 ന് മുമ്പ് ചെലവഴിക്കുന്ന തുക മാത്രമെ അംഗീകരിക്കുകയുള്ളു എന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ ജൂലൈ,ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ പ്രവർത്തികളുടെ തുകയായ 177760/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാർഡ് നം.1 ൽ 4.7.16 ന് നാല് തൊഴിലാളികൾക്ക് 250 രൂപ നിരക്കിൽ 1000 രൂപയ്ക്ക് പകരം 2000

രൂപ അനുവദിച്ചത് (വൌച്ചർ നം 4) ക്രമപ്രകാരമല്ല. അധികം അനുവദിച്ച 1000/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-14 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ മുഴുവൻ തുകയും അനുവദിക്കുവാൻ പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ്

നിർവഹണം:ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്ട് നം- 141/ 16-17 ( ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് )

അടങ്കൽ -375000

ചെലവ് -351000

ബിൽ നം. 4/16-17 തീ.20.3.17

മേൽ പദ്ധതി പ്രകാരം 48 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് .ഗ്രാമ പഞ്ചായത്ത് വിഹിതമായി 9 മാസത്തെ സ്കോളർഷിപ്പും, ബ്ലോക്ക് വിഹിതമായി 3 മാസത്തെ സ്കോളർഷിപ്പുമാണ്അനുവദിച്ചിട്ടുള്ളത്. വിവിധ ക്ളാസുകളിൽ പഠിക്കുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള വാർഷിക ബത്ത, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പഠന സാമഗ്രികൾക്കുള്ള ബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത, യാത്രാ ബത്ത, ഉല്ലാസ യാത്രാ ചെലവുകൾഎന്നിവയൊന്നും അനുവദിച്ച കാണുന്നില്ല. സ.ഉ.(എം.എസ്).നം 4/2016 ത.സ്വ.ഭ.വ. തീ.11.1.16. പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ അനുബന്ധം 13ൽ ഖണ്ഡിക 5,8, (എ,ബി) എന്നിവ പ്രകാരം നൽകേണ്ട തുകയുടെ വിശദവിവരം നൽകിയിട്ടുണ്ട് ഇതു പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും താഴെ പറയുന്ന പ്രകാരം അനുവദിക്കാവുന്നതാണ് .

| ക്ലാസ് | അനുവദിക്കാവുന്ന തുക<br>ഡേ സ്കോളർ(സ്കോളർഷിപ്പ്+വാർഷിക ബത്ത) | നൽകിയ തുക | പഞ്ചായത്ത് വിഹിതം | ബ്ലോക്ക് വിഹിതം |
|---|---|---|---|---|
| 1-4 | 4800 + 500 | 4800 | 3600 | 1200 |
| 5-8 | 6000 + 600 | 6000 | 4500 | 1500 |
| 9-12 | 7200 + 800 | 7200 | 5400 | 1800 |
| ബിരുദം | 9600 + 1000 | 9600 | 7200 | 2400 |
| വൊക്കേഷണൽ | 12000 +1500 | 12000 | 9000 | 4000 |

| | |
|---|---|
| മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾക്കുള്ള ബത്ത ,യാത്ര ബത്ത,പഠന പര്യടനം എന്നീ ഇനങ്ങളിലായി 7200 രൂപ അനുവദിക്കാവുന്ന തുകകളാണ് | |

ഇതു സംബന്ധിച്ച് ആരാഞ്ഞപ്പോൾ പ്രൊജക്ടിൽ തുക വകയിരുത്താത്തതിനാൽ മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ലെന്ന് അറിയിക്കുകയുണ്ടായി.പ്രൊജക്ട് തയ്യാറാക്കുമ്പോൾ ആവശ്യമായ തുക വകയിരുത്തുവാനും ആയത് വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-15 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 232500 /-രൂപയുടെ വിനിയോഗം ഉറപ്പുവരുത്താനായിട്ടില്ല.

നിർവഹണം: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | ചെലവ് / ബിൽ നം | ആവശ്യമായ രേഖകൾ |
|---|---|---|---|
| 1 | 167 /16-17 ഐ.എ.വൈ 2015-16 എസ്.ടി.വിഹിതം കൈമാറൽ'<br>വികസന.ഫണ്ട്(ടി.എസ.പി)-12500<br>ചെലവ് -12500 | 12500<br>ബിൽ.നം.1 // 16-17 31.1.17 | വിനിയോഗ സാക്ഷ്യപത്രം. |
| 2 | 176 / 16-17 പി.എം.എ.വൈ ബ്ലോക്ക് വിഹിതം അടക്കൽ.<br>വികസന.ഫണ്ട്-220000<br>ചെലവ് -220000 | 220000<br>ബിൽ.നം.4/ 16-17 /30.3.17 | വിനിയോഗ സാക്ഷ്യപത്രം. |

മേൽ സൂചിപ്പിച്ച പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-16 തീറ്റപ്പുൽ കൃഷിക്ക് അധിക സബ്സിഡി നൽകി 10000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണം-വെറ്ററിനറി സർജ്ജൻ

പദ്ധതി-തീറ്റപുൽകൃഷി S0025/17

അടങ്കൽ-50000(വി.ഫ.ജനറൽ)

-12500(ഗുണ.വിഹിതം നേരിട്ട്)

ബിൽ നം.p1/16-17 തീ.27/2/17 50000 രൂപ

ഗ്രാമപഞ്ചായത്തിലെ 100 ക്ഷീര കർഷകർക്ക് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതിയിൽ പുൽവിത്ത് വിതരണം ചെയ്ത വകയിൽ വള്ള്യായി ക്ഷീരോല്പാദന സഹകരണ സംഘത്തിന് 50000 രൂപ നൽകിയിട്ടുണ്ട്.പ്രസ്തുത തുക വികസന ഫണ്ടിൽ നിന്നും പൂർണ്ണമായി പിൻവലിച്ച് നൽകിയതാണ്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(എംഎസ്) നമ്പർ4/2016/തസ്വഭവ തീ.11.01.2016 ഖണ്ഡിക 3.2(9) പ്രകാരം തീറ്റപ്പുൽ കൃഷിയ്ക്കുള്ള വിത്ത് നൽകുന്നതിന് വേണ്ടി നൽകാവുന്ന പരമാവധി സബ്സിഡി 80% മാത്രമാണ്. എന്നാൽ സംഘത്തിന് പുൽവിത്തിന്റെ വിലമുഴുവനായും നൽകിയിട്ടുണ്ട്,കൂടാതെ പ്രസ്തുത ഖണ്ഡിക പ്രകാരം വിത്തിന്റെ വില ജില്ലാതലത്തിൽ ക്ഷീര വികസന വകുപ്പ് നിശ്ചയിക്കേണം, വില നിശ്ചയിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് (16/3.10.2017)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല, 20% അധിക സബ്സിഡി നൽകിയതുമൂലം വികസന ഫണ്ടിൽ നിന്നും 10000 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്,10000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

നിർവ്വഹണം-വെറ്റിനറി സർജ്ജൻ

പദ്ധതി -പാൽ ഉല്പാദന ബോണസ് S26/17

അടങ്കൽ- 300000

ബിൽ നം-P5/16-17 തീ.22.03.2017 154616

ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് പാൽ ഉല്പാദന ബോണസ്സ് നൽകുന്നതിന് വേണ്ടി300000 അടങ്കൽ നിശ്ചയിച്ച പ്രൊജക്ടിൽ 72 ഗുണഭോക്താക്കൾക്ക്154616 രൂപ ആനുകൂല്യമായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടിൽ 14 വാർഡുകളിൽനിന്ന് പാൽ സംഭരിക്കാത്തതിനാൽ പദ്ധതി മുഴുവനായി ഉപയോഗിക്കുവാനായിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(എംഎസ്) നമ്പർ4/2016/തസ്വഭവ തീ.11.01.2016 ഖണ്ഡിക 3.2(8) ൽ ക്ഷീര സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലും പാൽ ശേഖരിക്കാൻ സംവിധാനമില്ലാത്ത സ്ഥലങ്ങളിലും അതുണ്ടാക്കുന്നതിന് വേണ്ട ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ എല്ലാവാർഡുകളിലേയും ക്ഷീരകർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-17 ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസം-പ്രൊജക്റ്റ് നിർവഹണം പൂർത്തീകരിക്കാനായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ )2016-2017 വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടിൽ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന് വകയിരുത്തിയ തുകയായ 50,000/-രൂപ മുൻകൂറായി തന്നെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിക്കുകയുണ്ടായി.എന്നാൽ തുക നൽകി 6 മാസത്തോളമായിട്ടും സ്ഥാപനം മരുന്ന് സപ്ലൈ ചെയ്തിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റ് പേര്/നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ(35/17),മെയിന്റനൻസ് ഫണ്ട് (റോഡിതരം),അടങ്കൽ-50,000 | 1/2016-17/09-02-17<br>ഇൻവോയ്സ് നം. പി.എഫ്.605/09-12-2016 | 50,000 |
| | ആകെ | | 50,000/- |

തുക മുൻകൂറായി അനുവദിച്ചപ്പോൾ ഹോംകോ എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. മരുന്നുകൾ ലഭിക്കുന്നതിലുള്ള കാലതാമസം പ്രൊജക്റ്റ് നിർവഹണത്തെയും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെയും ബാധിക്കുവാനിടയുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതും പ്രൊജക്റ്റ് നിർവഹണം പൂർത്തികരിക്കേണ്ടതുമാണ്.

## 3-18 ജലനിധി-പ്രവൃത്തി പൂർത്തികരിച്ചാലുടൻ ഗുണഭോക്തൃഗ്രൂപ്പിന്റെയുൾപ്പെടെയുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കുന്നോത്ത് പറമ്പ ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ജലനിധി പദ്ധതിയിൽ (ലോകബാങ്ക് ധനസഹായത്തോടെയുള്ള വാട്ടർസപ്ലൈ & സാനിറ്റേഷൻ പദ്ധതി) ആകെയുള്ള 19 സ്കീമുകളിൽ കക്കാട് ഒഴികെ ബാക്കിയുള്ള 18 സ്കീമുകളും പൂർത്തിയായിട്ടുണ്ടെങ്കിലും 2016-2017 സാമ്പത്തിക വർഷത്തിൽ എക്സിറ്റ് നടത്തിയിട്ടില്ല സ്കീമുകളുടെ എക്സിറ്റ് നടത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തി സംബന്ധിച്ചുള്ള ഫയലുകളൊന്നും തന്നെ സപ്പോർട്ടിംഗ് സംഘടനയായ കേരള ഗ്രാമ നിർമ്മാണ സമിതി,രാമനാട്ടുകര ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല.പ്രവൃത്തി പൂർത്തികരിച്ച് പദ്ധതി ഗുണഭോക്തൃഗ്രൂപ്പിന് കൈമാറുന്ന ഘട്ടത്തിൽ തന്നെ ഗുണഭോക്തൃ ഗ്രൂപ്പിന്റെയുൾപ്പെടെയുള്ള കണക്കുകൾ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനം | റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഈടാക്കിടആളുടെപേര് ഉദ്യോഗപ്പേര് | റസീറ്റ് നം തീയ്യതി |
|---|---|---|---|---|---|
| 1 | 2011-12,12-13 | 3-34 | 2692 | സരോജിനി.ടി ഐസിഡിഎസ് സൂപ്പർവൈസർ | 11604108421 17.03.2017 |

| | | | | | |
|---|---|---|---|---|---|
| 2 | 2003-04 | 3-5 | 4092 | എം.ബാലൻ<br>കോൺട്രാക്ടർ | 11604100285<br>12.4.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54691307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48286329 |
| വരവിനങ്ങളിലുള്ള നഷ്ടം | 8386 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1044920 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(3) | 2,245 | | ശ്രീമതി.ടി കെ ബീന ,സെക്രട്ടറി |
| 2-1(4) | 6,141 | | ശ്രീമതി.ടി കെ ബീന ,സെക്രട്ടറി |
| 3-13 | | 1,000 | ഡോ. ബീന പി.കെ., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-16 | | 10,000 | ശ്രീ.സി.പി ധനഞ്ജയൻ,വെറ്ററിനറി സർജ്ജൻ |
| ആകെ | 8,386 | 11,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെട്ടുത്തിയ തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,06,345 | ശ്രീമതി.ടി കെ ബീന ,സെക്രട്ടറി |
| 3-3 | 1,16,667 | ശ്രീമതി.ടി കെ ബീന ,സെക്രട്ടറി |
| 3-4 | 1,19,348 | ശ്രീമതി.ടി കെ ബീന ,സെക്രട്ടറി |
| 3-7 | 99,800 | ശ്രീമതി ലസിത.കെ എ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 2,00,000 | ശ്രീമതി ലസിത.കെ എ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 25,000 | ഡോ:ഫെബിൻ എൻ കെ,മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| 3-13 | 1,77,760 | ഡോ:ബിജ്ജൽ ബി എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 10,44,920 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1,2-2,3-5

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ടി കെ ബീന ,സെക്രട്ടറി | സെക്രട്ടറി,വളപട്ടണം ഗ്രാമപഞ്ചായത്ത് | തച്ചിലക്കണ്ടി ഹൗസ്, തുളിച്ചേരി പി.ഒ., കണ്ണൂർ. |
| ശ്രീമതി ലസിത.കെ എ,അസിസ്റ്റന്റ് | അസിസ്റ്റന്റ്സെക്രട്ടറി,കുന്നോത്ത്പറമ്പ ഗ്രാമപഞ്ചായത്ത് | കണിയന്റെ പൊയിൽ, |

| | | |
|---|---|---|
| സെക്രട്ടറി | | ടെമ്പിൾ ഗേറ്റ് |
| ശ്രീ.സി.പി ധനഞ്ജയൻ,വെറ്ററിനറി സർജ്ജൻ | വെറ്റിനറി സർജൻ, കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | നവനീതം, ചെണ്ടയാട് പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | എൽഎഫ് സി.12/728/01 തീ.10.01.2013 | 2 |
| 2002-03 | LF/KNR/സി10/163/15(1) തീ.7.8.2015 | 10 |
| 2003-04 | LF/KNR/സി10/163/15(1) തീ.7.8.2015 | 10 |
| 2004-05 | LF/KNR/സി4/1388തീ.9.9.2010 | 12 |
| 2005-06 | LF/KNR/സി10/163/15(3) തീ.7.8.2015 | 7 |
| 2006-07 | LF/KNR/സി5/1076/10 തീ.26.10.2010 | 22 |
| 2007-08 | LF/KNR/സി5/1079/10 തീ.10.12.2010 | 13 |
| 2008-09 | LF/KNR/സി5/280/12(3) തീ.27.06.2012 | 13 |
| 2009-10 | LF/KNR/സി5/281/12(3) തീ.28.06.2012 | 16 |
| 2010-11 | LF/KNR/സി5/282/12 തീ.4.8.2012 | 18 |
| 2011-12<br>2012-13 | LF/KNR/സി10/611/14 തീ.1.09.2015 | 61 |

| | | |
|---|---|---|
| 2013-14<br>2014-15 | LF/KNR/സി10/968/16 തീ.30.06.2016 | 8 |
| 2015-16 | LF/KNR/സി10/2010/16 തീ.4.1.2017 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.-കെ.എൻ.ആർ/സി.8/1714/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ – doknr.ksad@kerala.gov.in
ഫോൺ – 04972-707698

തീയ്യതി – 09.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നിർവ്വഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## AUDIT CERTIFICATE

No.KSA-KNR/C.8/1714/2017

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 09.11.2017

Certified that I have audited the Annual Financial Statement of Kunnothuparamba Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kunnothuparamba Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT,
DISTRICT AUDIT OFFICE, KANNUR

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

RECEIPT AND PAYMENT STATEMENT OF KUNNOTHUPARAMBA GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(a)<br>RP-40(a) | 36745335.00<br>111654.00 |
| | Receipts | | |
| 0.00 | | | |
| 110000000 | Tax Revenue | RP-1 | 1155400.00 |
| 140000000 | Fees & User Charges | RP-4 | 570662.00 |
| 150000000 | Sale & Hire Charges | RP-5 | 121610.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12990600.00 |
| 171000000 | Interest Earned | RP-9 | 236841.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 36449058.00 |
| 350000000 | Other Liabilities | RP-36 | 13330.00 |
| 0.00 | | | |
| 180000000 | Other Income | RP 10 | 4697.00 |
| 311000000 | Earmarked Funds | RP-29 | 5248.00 |
| 340000000 | Deposits Received | RP-34 | 61100.00 |
| 350000000 | Other Liabilities | RP-36 | 133242.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2761079.00 |
| 460000000 | Loans, Advances and Deposits | RP-47 | 188440.00 |
| Grand Total | | | 91548296.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2750855.00 |
| 220000000 | Administrative Expenses | RP-12 | 490730.00 |
| 230000000 | Operations & Maintenance | RP-13 | 1071363.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3388580.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10718065.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1109699.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 705240.00 |
| 255000000 | Maintance Projects | RP-20 | 3921694.00 |
| 280000000 | Prior Perid Items | RP-26 | -7524.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 838314.00 |
| 350000000 | Othes Liabilities | RP-36 | 3985427 |
| Non Operating | | | |
| 240000000 | Inerest & Finance Charges | RP 14 | 3555 |
| 280000000 | Prior Period Item | RP-26 | -2733 |
| 311000000 | Earmarked Funds | RP 29 | 0 |
| 340000000 | Deposits Received | RP-34 | 13200 |
| 350000000 | Other Liabilities | RP-36 | 1866883 |
| 410000000 | Fixed Assets | RP-38 | 4001808 |
| 412000000 | Capital Work in Progress | RP-40 | 7660187 |
| 460000000 | Loans, Advances and Deposits | RP-47 | 786135 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 43219064<br>42903.00 |
| Grand Total | | | 91548296 |

DEPUTY DIRECTOR

# അനുബന്ധം-3

## ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ്

INCOME AND EXPENDITURE STATEMENT OF KUNNOTHUPARAMBA GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4249138.00 |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | I-4(b) | 659542.00 |
| 150000000 | Sale & Hire Charges | I-5(b) | 121610.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 87029487.00 |
| 171000000 | Interest Earned | I-8 | 236841.00 |
| 180000000 | Other Income | I-9 | 88730.00 |
| A | Total Income | | 92385348.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8231927.00 |
| 220000000 | Administrative Expenses | I-11(b) | 490730.00 |
| 230000000 | Operations & Maintenance | I-12(b) | 1071363.00 |
| 240000000 | Interest & Finance Charges | I-13 | 3555.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 6855430.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 12785308.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1109699.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 5434851.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 46694275.00 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | I-14(e) | 3921694.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | I-15(a) | 39980.00 |
| 272000000 | Depreciation | I-17(a) | 9215768.00 |
| B | Total Expenditure | | 95854580.00 |
| C=A-B | Gross Surplus / Defict Income over Expenditure | | (3,469,232.00) |
| D= 280000000 | Prior Period Item | I-18 | 336503.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (3,805,735.00) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

DEPUTY DIRECTOR

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

BALANCE SHEET OF KUNNOTHUPARAMBA GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat Fund | B-1 | 27642896.24 |
| 311000000 | Earmarked Funds | B-2 | 46210.00 |
| 312000000 | Reserves | B-3 | 56910413.00 |
| | Total Reserve & Surplus | | 84599519.24 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2808172.00 |
| | Total Grants,Contribution for specific purposes | | 2808172.00 |
| 340000000 | Deposits Received | B-7 | 496670.00 |
| 350000000 | Other Liabilities | B-9 | 3452708.76 |
| | Total Current Liabilities and Provisions | | 3949378.76 |
| | TOTAL LIABILITIES | | 91357070.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 64541136.00 |
| 411000000 | Accumulated Depreciation | B-11 | (19,246,727.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 45294409.00 |

| | | | |
|---|---|---|---|
| | Current Assets,Loans and Advances | | |
| 430000000 | Stock in Hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2533579.00 |
| 450000000 | Cash and Bank balance | B-17 | 43261967.00 |
| 460000000 | Loans, Advances and Deposits | B-18 | 267115.00 |
| | Total Current Assets,Loans and Advances | | 46062661.00 |
| | TOTAL ASSETS | | 91357070.00 |

DEPUTY DIRECTOR